**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2273** **05-02-2026 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് വിതരണ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ്, എ. എ.വൈ. കാർഡ് എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ച 1,31,911 കാർഡുകളും തരം മാറ്റി നൽകിയ 5,84,166 കാർഡുകളും ഉൾപ്പെടെ ആകെ 7,16,077 മുൻഗണനാ കാർഡുകളും 65,449 എ.എ.വൈ കാർഡുകളും അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | വള്ളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ, ചേലേമ്പ്ര പഞ്ചായത്തുകളിലും തിരൂരങ്ങാടി താലൂക്കിലെ മൂന്നിയൂർ, വള്ളിക്കുന്ന്, പെരുവള്ളൂർ, തേഞ്ഞിപ്പലം പഞ്ചായത്തുകളിലും എത്ര കുടുംബങ്ങൾക്കാണ് ബി.പി.എൽ. കാർഡ്, എ.എ.വൈ കാർഡ് എന്നിവ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | വള്ളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ, ചേലേമ്പ്ര പഞ്ചായത്തുകളിലെയും തിരൂരങ്ങാടി താലൂക്കിലെ മൂന്നിയൂർ, വള്ളിക്കുന്ന്, പെരുവള്ളൂർ, തേഞ്ഞിപ്പാലം പഞ്ചായത്തുകളിലെയും കുടുംബങ്ങൾക്ക് അനുവദിച്ച ബി.പി.എൽ, എ.എ.വൈ റേഷൻ കാർഡുകളുടെ വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | ഉപഭോക്താവ് പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾ ലഭിക്കുന്ന വെള്ള കാർഡ് പിന്നീട് അർഹതയുള്ളവർക്ക് നീല കാർഡ് ആക്കുന്നതിനുള്ള അപേക്ഷ എപ്പോഴാണ് സമർപ്പിക്കേണ്ടതെന്നും നീല കാർഡ് ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (സി) | NPNS (വെള്ള) റേഷൻ കാർഡ് NPS (നീല) റേഷൻ കാർഡിലേക്ക് നിലവിൽ പരിവർത്തനം ചെയ്തു നൽകുന്നില്ല. വെള്ള റേഷൻ കാർഡ് നീല റേഷൻ കാർഡായി പരിവർത്തനം ചെയ്തു നൽകുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.<br><br>NFSA സ്റ്റേറ്റ് റൂൾ 2018 ഖണ്ഡിക 6 പ്രകാരമുള്ള മുൻഗണനാ ഒഴിവാക്കൽ ഘടകങ്ങളിൽ ഉൾപ്പെട്ട 1000 sqft ന് മുകളിലുള്ള വീട്, 25000 രൂപയിൽ അധികമായ മാസവരുമാനം, ഒരു ഏക്കറിൽ അധികം ഭൂമി എന്നിവയിൽ ഏതെങ്കിലും ഒന്ന് മാത്രം ബാധകമായിട്ടുള്ള കുടുംബങ്ങളാണ് നിലവിൽ NPS (നീല) കാർഡിന് അർഹരായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | PHH റേഷൻകാർഡ് നൽകിയതിന്റെ വിവരങ്ങൾ | AAYറേഷൻകാർഡ് നൽകിയതിന്റെ വിവരങ്ങൾ |
| --- | --- | --- | --- |
| 1 | പള്ളിക്കൽ | 460 | 32 |
| 2 | ചെലേമ്പ്ര | 382 | 28 |
| 3 | മൂന്നിയൂർ | 4116 | 546 |
| 4 | വള്ളിക്കുന്ന് | 5223 | 723 |
| 5 | പെരുവള്ളൂർ | 3040 | 327 |
| 6 | തേഞ്ഞിപ്പാലം | 2678 | 328 |
| ആകെ | | 15,899 | 1984 |